**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5397**
**01/07/2014-ലെ മറുപടിക്ക്**

**പേ-റിവിഷൻ അനോമലി ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ.കെ. വിജയൻ | | ശ്രീ.കെ.എം.മാണി, ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| (എ) | പത്താം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കുകയും ടേംസ് ഓഫ് റഫറൻസ് അംഗീകരിക്കുകയും ചെയ്തതിനുശേഷം ഏതൊക്കെ വകുപ്പിലെ പേ-റിവിഷൻ അനോമലി പരിഹരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | പത്താം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കുകയും ടേംസ് ഓഫ് റഫറൻസ് അംഗീകരിക്കുകയും ചെയ്തതിനുശേഷം എം.എൽ.എ മാരുടെ പി.എ മാരുടെ സ്പെഷ്യൽ അലവൻസ് വർദ്ധിപ്പിച്ചുകൊണ്ട് 17.06.2014 ലെ ജി.ഒ (എം.എസ്) നം. 224/2014/(193)/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. (അനുബന്ധം. I) |
| (ബി) | പ്രസ്തുത പേ-റിവിഷൻ അനോമലികൾ പരിഹരിക്കുന്നതിലൂടെ ധനവകുപ്പിന് എത്ര രൂപയുടെ അധിക ബാദ്ധ്യത ഉണ്ടാകുമെന്ന് വിശദമാക്കാമോ; | പ്രസ്തുത പേ-റിവിഷൻ അനോമലികൾ പരിഹരിക്കുന്നതിലൂടെ ധനവകുപ്പിന് പ്രതിവർഷം 2,10,600/- രൂപായുടെ (രണ്ട് ലക്ഷത്തി പതിനായിരത്തി അറുന്നൂറ് രൂപാ മാത്രം) അധിക ബാദ്ധ്യത ഉണ്ടാകും. |
| (സി) | പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ നിലവിൽ വന്നതിന് ശേഷം ധനകാര്യ വകുപ്പ് ശുപാർശ ചെയ്ത ഏതെങ്കിലും പേ-റിവിഷൻ അനോമലികൾ മന്ത്രിസഭായോഗം നിരാകരിച്ചിട്ടുണ്ടോ; നിരാകരിച്ചിട്ടുണ്ടെങ്കിൽ അവ ഏതൊക്കെ തസ്തികയിലാണെന്ന് വിശദമാക്കാമോ: | പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ നിലവിൽ വന്നതിന് ശേഷം ധനകാര്യ വകുപ്പ് ശുപാർശ ചെയ്ത സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് മുതൽ സെക്ഷൻ ഓഫീസർ, ടൈപ്പിസ്റ്റ് തുടങ്ങിയ തസ്തികകളുടെ പേ-റിവിഷൻ അനോമലി ശമ്പളകമ്മീഷന്റെ പരിഗണനയ്ക്കായി വിടുവാൻ 26.02.2014 ലെ മന്ത്രിസഭായോഗം തീരുമാനിച്ചു. |
| (ഡി) | പത്താം ശമ്പള കമ്മീഷനെ നിയമിച്ചതിനുശേഷം സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് തസ്തികയ്ക്ക് സമാനമായ മറ്റേതെങ്കിലും തസ്തികയുടെ പേ-റിവിഷൻ അനോമലി പരിഹരിച്ചിട്ടുണ്ടോ; പരിഹരിച്ചിട്ടുണ്ടെങ്കിൽ അവ ഏതൊക്കെ തസ്തികയിലാണെന്ന് വ്യക്തമാക്കാമോ; എങ്കിൽ എന്ത് അടിസ്ഥാനത്തിലെന്ന് വ്യക്തമാക്കുമോ; | പത്താം ശമ്പള കമ്മീഷനെ നിയമിച്ചതിനുശേഷം സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് തസ്തികയ്ക്ക് സമാനമായ മറ്റൊരു തസ്തികയുടേയും പേ-റിവിഷൻ അനോമലി പരിഹരിച്ചിട്ടില്ല. |

| | | |
|---|---|---|
| (ഇ) | സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് മുതൽ സെക്ഷൻ ഓഫീസർ വരെയുള്ള തസ്തികയിലെ പേ-റിവിഷൻ അനോമലി പരിഹരിക്കുന്ന കാര്യം ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് മുതൽ സെക്ഷൻ ഓഫീസർ വരെയുള്ള തസ്തികകളിലെ പേ-റിവിഷൻ അനോമലി പരിഹരിക്കുന്ന കാര്യം ടേംസ് ഓഫ് റഫറൻസിൽ പ്രത്യേകമായി പ്രതിപാദിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ പേ-റിവിഷൻ നടപ്പാക്കിയതിന്റെ ഫലമായി ഉണ്ടായ അനോമലി പരിഹരിക്കാനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും ടേംസ് ഓഫ് റഫറൻസിൽ ആവശ്യപ്പെട്ടിട്ടുണ്ട്. (അനുബന്ധം II) |
| (എഫ്) | ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**